## പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.521 — 19.05.2017 ന് മറുപടിയ്ക്ക്.

## വന്യജീവി ആക്രമണം തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോ എബ്രഹാം<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യജീവി ആക്രമണം തടയുന്നതിന് അവലംബിക്കുന്ന ആധുനിക സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) വന്യജീവി ആക്രമണം തടയുന്നതിന് നിലവിൽ അവലംബിക്കുന്ന ആധുനിക സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.<br>• വന്യമൃഗങ്ങൾ വനമേഖലയിൽ നിന്നും പുറത്തേക്ക് വരുന്നത് ശ്രദ്ധയിൽപ്പെട്ടാൽ വിവരം തദ്ദേശവാസികളെ അറിയിക്കുന്നതിനായുള്ള Early Warning SMS Alert System വയനാട്, ആറളം, മൂന്നാർ എന്നിവിടങ്ങളിൽ വിജയകരമായി നടപ്പിലാക്കി. ഈ സംവിധാനം മറ്റു 43 കേന്ദ്രങ്ങളിൽക്കൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>• പ്രശ്നക്കാരായ ആനകളെ നിരീക്ഷിക്കുന്നതിന് റേഡിയോ കോളർ സംവിധാനം ഉപയോഗിക്കാറുണ്ട്.<br>• വയനാട് മേഖലയിൽ മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ ക്യാമറാ ട്രാപ്പ് സംവിധാനം ഉപയോഗിച്ച് നിരീക്ഷണം നടത്താറുണ്ട്.<br>• വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്കിറങ്ങുന്നത് തടയുന്നതിനായി ആന പ്രതിരോധ കിടങ്ങുകൾ/മതിലുകൾ, സൗരോർജ്ജ കമ്പിവേലി എന്നിവയ്ക്കു പുറമെ റെയിൽ ഫെൻസിംഗ് സംവിധാനം നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു.<br>• റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

| | |
|---|---|
| (ബി) വനം വകുപ്പിൽ നിലവിൽ എത്ര റാപിഡ് റെസ്പോൺസ് ടീം പ്രവർത്തിക്കുന്നുണ്ടെന്നും അവയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ; | (ബി) വനം വകുപ്പിൽ നിലവിൽ 14 റാപ്പിഡ് റെസ്പോൺസ് ടീമുകൾ (ആർ.ആർ.റ്റി) ചുവടെ പറയുന്ന സ്ഥലങ്ങൾ കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ട്.<br>1. പേപ്പാറ 8. മണ്ണാർക്കാട്<br>2. പുനലൂർ 9. നിലമ്പൂർ<br>3. റാന്നി 10. താമരശ്ശേരി<br>4. മൂന്നാർ 11. സുൽത്താൻ ബത്തേരി<br>5. പീരുമേട് 12. തളിപ്പറമ്പ്<br>6. മലയാറ്റൂർ 13. കല്പറ്റ<br>7. ഒലവക്കോട് 14. കാസർഗോഡ്<br>വന്യജീവികൾ ജനവാസമേഖലകളിൽ ഇറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും നാശനഷ്ടം വരുത്തുന്ന അടിയന്തിര സാഹചര്യം ഉണ്ടാകുമ്പോൾ സമയോചിതമായി പ്രവർത്തിച്ച് വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേക്ക് തിരികെ തുരത്തുന്നതിനും ആർ.ആർ.റ്റി-യുടെ സേവനം വിനിയോഗിച്ച് വരുന്നു. |
| (സി) മനുഷ്യരെ ആക്രമിക്കുന്ന ഏതെല്ലാം വന്യജീവികളെ കൊല്ലുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ? | (സി) മനുഷ്യരെ ആക്രമിക്കുന്ന വന്യജീവികളെ കൊല്ലുന്നതിന് അനുവാദം നൽകിയിട്ടില്ല. സർക്കാർ ഉത്തരവ് (എം.എസ്) നം.95/2014/വനം തീയതി 17.11.2014 പ്രകാരം കൃഷിയിടങ്ങളിലിറങ്ങി നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവെച്ച് കൊല്ലുവാൻ സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിന്റെ കാലാവധി കഴിഞ്ഞതിനാൽ നിലവിൽ മനുഷ്യരെ ആക്രമിക്കുന്ന വന്യജീവികളെ കൊല്ലുന്നതിന് അനുവാദമില്ല. |

Latheesh
സെക്ഷൻ ഓഫീസർ